ഓൺലൈനായി സേവനങ്ങൾ നൽകുന്ന പദ്ധതികൾ നടപ്പിലാകും. പദ്ധതി സമയബന്ധിതമായി 2014 നവംബറോടുകൂടി പൂർത്തിയാക്കുന്നതിനുള്ള പ്രവർത്തനങ്ങൾ നടന്നുവരികയാണ്.

(ബി) കേന്ദ്രസർക്കാർ, വൈദ്യുതി വിതരണ ശൃംഖല ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമായി 50,000 കോടിരൂപ എല്ലാ സംസ്ഥാനങ്ങൾക്കുമായി ധനസഹായം നൽകുവാൻ വിഭാവനം ചെയ്തിരിക്കുന്നു. മേൽപ്പറഞ്ഞ തുകയിൽ 10,000 കോടിരൂപയാണ് എല്ലാ സംസ്ഥാനങ്ങൾക്കുമായി വൈദ്യുതി വിതരണ മേഖലയിൽ വിവരസാങ്കേതികവിദ്യ നടപ്പിലാക്കുന്ന പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. ഇതിനായി കേരളത്തിന് 214.38 കോടിരൂപ കേന്ദ്ര സഹായമായി അംഗീകരിച്ചിട്ടുണ്ട്.

(സി) പദ്ധതിയുടെ നോഡൽ ഏജൻസിയായി പവർ ഫിനാൻസ് കോർപ്പറേഷനെയാണ് കേന്ദ്രസർക്കാർ നിശ്ചയിച്ചിട്ടുള്ളത്. പദ്ധതിയുടെ സാങ്കേതിക മേൽനോട്ടം നിർവ്വഹിക്കുകയും ഏജൻസികളുടെ തെരഞ്ഞെടുപ്പ് പ്രക്രിയ ചട്ടപ്രകാരമാണെന്ന് ഉറപ്പ് വരുത്തുകയും പണം അനുവദിക്കുന്നതുൾപ്പെടെയുള്ള പദ്ധതിയുമായി ബന്ധപ്പെട്ട മുഴുവൻ മേൽനോട്ടവും പവർ ഫിനാൻസ് കോർപ്പറേഷനാണ്. പവർ ഫിനാൻസ് കോർപ്പറേഷൻ എംപാനൽ ചെയ്ത സ്ഥാപനങ്ങൾക്ക് മാത്രമേ ഈ പദ്ധതിയുടെ ടെണ്ടറിൽ പങ്കെടുക്കാൻ കഴിയുകയുള്ളൂ. കേരളത്തിലെ ഐ.ടി.പ്രോജക്ടുകളുടെ കൺസൾട്ടൻസി കരാർ ഡൽഹി ആസ്ഥാനമായുള്ള ഫീഡ്ബാക്ക് ഇൻഫ്രാ എന്ന ഏജൻസിയും പദ്ധതി നടത്തിപ്പ് കൊറിയൻ ആസ്ഥാനമായുള്ള കെപ്കോ കെ.ഡി.എൻ. എന്ന ഏജൻസിയെയുമാണ് ഏൽപ്പിച്ചിട്ടുള്ളത്.

(ഡി) പ്രസ്തുത സംവിധാനം നടപ്പാക്കുന്നതിനായി ചീഫ് എഞ്ചിനീയർ (ഐ.ടി.) ഓഫീസിനെ ചുമതലപ്പെടുത്തിയിട്ടുണ്ട്. കേരളമൊട്ടാകെയുള്ള പദ്ധതി നിർവ്വഹണത്തിനുവേണ്ടി വിതരണവിഭാഗത്തിലെ 43 ഉന്നത ഉദ്യോഗസ്ഥരെ നോഡൽ ഓഫീസർമാരായി ചുമതലപ്പെടുത്തിയിട്ടുണ്ട്. ഈ പദ്ധതിയുടെ ഭാഗമായിട്ടുള്ള ഡാറ്റാ സെന്റർ, കസ്റ്റമർ കെയർ സെന്റർ എന്നിവയുടെ നിർമ്മാണം പൂർത്തിയായി. ഡാറ്റാ റിക്കവറി സെന്ററിന്റെ നിർമ്മാണം അവസാന ഘട്ടത്തിലാണ്. ഈ പദ്ധതിയുടെ ഭാഗമായിട്ടുള്ള സോഫ്റ്റ്വെയറുകൾ പൂർത്തീകരിക്കുന്നതിനുവേണ്ടി ഓരോ മേഖലയിലും പ്രാവീണ്യമുള്ള ഉദ്യോഗസ്ഥരെ ഉൾപ്പെടുത്തി പത്തോളം ഫംഗ്ഷണൽ കമ്മിറ്റികൾ രൂപീകരിച്ചുപ്രവർത്തിച്ചു വരികയാണ്.

സംരംഭക ഉച്ചകോടി

10 (*610) ശ്രീ. ഇ. ചന്ദ്രശേഖരൻ :
ശ്രീ. ഇ. കെ. വിജയൻ :
ശ്രീമതി ഇ. എസ്. ബിജിമോൾ :
ശ്രീമതി ഗീതാ ഗോപി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് സംരംഭക ഉച്ചകോടി സംഘടിപ്പിക്കുന്നതിനുദ്ദേശിക്കുന്നുണ്ടോ ; ഉണ്ടെങ്കിൽ ഈ ഉച്ചകോടിയിൽ എന്തെല്ലാമാണുൾപ്പെടുത്തിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) ആഗോള നിക്ഷേപക സംഗമം, എമർജിംഗ് കേരള തുടങ്ങിയ പദ്ധതികളിൽ ഉദ്ദേശിച്ച ലക്ഷ്യം കൈവരിക്കാൻ കഴിഞ്ഞിട്ടുണ്ടോ ; ഇല്ലെങ്കിൽ എന്തുകൊണ്ടാണെന്ന് വിലയിരുത്തുമോ ?

വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി (ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി) :

(എ) യുവ സംരംഭകരുടെ സംരംഭകത്വ ആശയങ്ങളെ യാഥാർത്ഥ്യമാക്കുന്നതിനുള്ള പ്രോത്സാഹനം നൽകുന്നതിലേക്കായി 2014 സെപ്റ്റംബർമാസം 12-ാം തീയതി യംഗ് എന്റർപ്രണേർഷിപ്പ് സമ്മിറ്റ് നടത്താൻ തീരുമാനിച്ചിരിക്കുന്നു. പുതു യുവ സംരംഭകർക്ക് അവരുടെ ആശയങ്ങൾ വ്യവസായ, വിദ്യാഭ്യാസ മേഖലകളിലെ പ്രമുഖർക്കുമുന്നിൽ അവതരിപ്പിക്കുന്നതിനുള്ള അവസരം ഒരുക്കുക, കേരളത്തെ യുവസംരംഭകരുടെ അറിയപ്പെടുന്ന കേന്ദ്രമാക്കി മാറ്റുക തുടങ്ങിയ ലക്ഷ്യങ്ങളാണ് ഈ സംരംഭത്തിനുള്ളത്. ഇതിന് മുന്നോടിയായുള്ള ലോഗോ പ്രകാശനകർമ്മം 2014 ജൂൺമാസം 17-ാം തീയതി തിരുവനന്തപുരത്തുവച്ച് നടന്ന ചടങ്ങിൽ വച്ചു. മുഖ്യമന്ത്രി നിർവ്വഹിച്ചു.

യുവസംരംഭകരുടെ സംരംഭകത്വ ആശയങ്ങൾ കേൾക്കുന്നതിനും അവർക്കുവേണ്ട നിർദ്ദേശങ്ങൾ നല്കുന്നതനുമായി സ്റ്റാർട്ടപ് സെൽ തുടങ്ങാൻ തീരുമാനിച്ചിട്ടുണ്ട്. കെ.എസ്.ഐ.ഡി.സി.യുടെ തിരുവനന്തപുരത്തെയും കൊച്ചിയിലെയും ഓഫീസുകളിലാണ് പ്രസ്തുത സെൽ പ്രവർത്തിക്കുന്നത്. ആഴ്ചയിൽ ഏഴ് ദിവസവും 24 മണിക്കൂറും സേവനം ലഭ്യമാക്കുന്ന തരത്തിലായിരിക്കും സെല്ലിന്റെ പ്രവർത്തനം.

ലൈഫ് സയൻസ്, ഹൗസ് പ്രോസസ്സിംഗ്, കാർഷികം, മറൈൻ തുടങ്ങി വിവിധ ഐ. ടി. ഇതര മേഖലകളിലും സംരംഭങ്ങൾ തുടങ്ങാനാഗ്രഹിക്കുന്ന യുവസംരംഭകർക്കുവേണ്ട സഹായങ്ങളും മാർഗ്ഗനിർദ്ദേശങ്ങളും നൽകുന്നതിന് സംസ്ഥാനത്തിന്റെ വിവിധ ഭാഗങ്ങളിൽ ഇൻകുബേഷൻ സെന്ററുകൾ ആരംഭിക്കാൻ ഉദ്ദേശിക്കുന്നു. വിവിധ വകുപ്പുകളുടെ സഹകരണത്തോടെ അത്യാധുനിക സൗകര്യങ്ങളോടുകൂടിയാണ് ഈ ഇൻകുബേഷൻ സെന്ററുകൾ പ്രവർത്തിക്കുക.

(ബി) വിശ്വസനീയവും നിക്ഷേപസൗഹൃദപരവുമായ അന്തരീക്ഷത്തിലൂടെ കേരളത്തിലെ നിക്ഷേപ സാദ്ധ്യത വർദ്ധിപ്പിക്കുവാനായിട്ടാണ് ആഗോള നിക്ഷേപക സംഗമം (ജിം) ലക്ഷ്യമിട്ടത്. കൂടാതെ, പ്രസ്തുത സംഗമത്തിൽ കേരളത്തിലെ നിക്ഷേപസാദ്ധ്യതകൾ, അടിസ്ഥാനസൗകര്യങ്ങളുടെ പുരോഗതി എന്നിവ വിശദമാക്കാനും ഭക്ഷ്യസംസ്ക്കരണം, വിനോദസഞ്ചാരം, വ്യവസായം, വിദ്യാഭ്യാസം, ഗതാഗതം, തുറമുഖം തുടങ്ങിയ മേഖലകളിലെ വിവിധ പദ്ധതികളെപ്പറ്റിയും ചർച്ച ചെയ്യുവാൻ സാധിച്ചു. ആഗോളനിക്ഷേപക സംഗമത്തിന്റെ തുടർപ്രവർത്തനങ്ങളുടെ ഭാഗമായി വ്യവസായ വകുപ്പിന്റെ കീഴിൽ 19 പദ്ധതികൾ പൂർത്തീകരിച്ചിട്ടുണ്ട്.

കേരളത്തെ വ്യവസായ നിക്ഷേപ സൗഹൃദ സംസ്ഥാനമായി ലോകത്തിനുമുന്നിൽ അവതരിപ്പിക്കുക എന്ന ലക്ഷ്യത്തോടെയാണ് എമർജിംഗ് കേരള സംഘടിപ്പിച്ചത്. എമർജിംഗ് കേരള സംഗമത്തിന്റെ ഭാഗമായി വിവിധ

LIBRARY ARCHIVES Kerala Legislative Assembly

വകുപ്പുകളുടെ പദ്ധതികളടക്കം ആകെ 83 പദ്ധതികൾ ഇപ്പോൾ പുരോഗമിച്ചു വരുന്നു. ഇതിൽ വ്യവസായ വകുപ്പിന്റെ കീഴിൽ 19 പദ്ധതികളുടെ നിർമ്മാണ പ്രവർത്തനങ്ങളാണ് പുരോഗമിച്ചുകൊണ്ടിരിക്കുന്നത്.

ഖാദി മേഖലയെ അഭിവൃദ്ധിപ്പെടുത്താൻ നടപടി

11 (*611) ശ്രീ. കെ. കുഞ്ഞിരാമൻ (ഉദുമ) :
ശ്രീ. പി. കെ. ഗുരുദാസൻ :
ശ്രീ. സി. കൃഷ്ണൻ :
ഡോ. കെ. ടി. ജലീൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും ഖാദി ഗ്രാമവ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പരമ്പരാഗത വ്യവസായമായ ഖാദി മേഖലയെ അഭിവൃദ്ധിപ്പെടുത്തുന്നതിന് ഈ സർക്കാർ എന്ത് നടപടി സ്വീകരിച്ചുവെന്ന് വ്യക്തമാക്കുമോ ;

(ബി) ഖാദി മേഖലയിൽ പ്രഖ്യാപിച്ച നവീകരണപ്രവൃത്തികൾ നടപ്പിലാക്കിയിട്ടുണ്ടോ ; ഇല്ലെങ്കിൽ അതിനുള്ളകാരണം എന്താണെന്ന് വ്യക്തമാക്കാമോ;

(സി) വ്യവസായ പ്രതിസന്ധി കാരണം ദുരിതമനുഭവിക്കുന്ന ഈ മേഖലയിലെ തൊഴിലാളികൾക്കും അവരുടെ കുടുംബങ്ങൾക്കും താൽക്കാലിക ആശ്വാസം നൽകുന്നതിന് എന്തെങ്കിലും നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ ;

(ഡി) ഖാദി മേഖലയിൽ നിന്നുള്ള ഉല്പന്നങ്ങൾക്ക് വിപണി കണ്ടെത്തുന്നതിന് എന്തെങ്കിലും പുതിയ പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ടോ : വിശദമാക്കാമോ ?

സഹകരണവും ഖാദി ഗ്രാമവ്യവസായവും വകുപ്പുമന്ത്രി (ശ്രീ. സി. എൻ. ബാലകൃഷ്ണൻ) :

(എ) പരമ്പരാഗത വ്യവസായമായ ഖാദി മേഖലയെ അഭിവൃദ്ധിപ്പെടുത്തുന്നതിന് ഈ സർക്കാർ സ്വീകരിച്ചിട്ടുള്ള നടപടികൾ അനുബന്ധമായി ചേർത്തിട്ടുണ്ട്.*

(ബി) ഉണ്ട്. ഖാദി വ്യവസായ നവീകരണവുമായി ബന്ധപ്പെട്ട് ശ്രീ. ഗോപിനാഥൻ നായർ കമ്മിറ്റി ശിപാർശ നടപ്പാക്കുന്നതിനായി 2012-13 വർഷം 96 ലക്ഷം രൂപയും 2013-14 വർഷം പ്രത്യേകമായി 1209 ലക്ഷംരൂപയും 2013-14 വർഷത്തിലെ ഒറിജിനൽ ബഡ്ജറ്റിൽനിന്ന് 216 ലക്ഷംരൂപയും കൂടിച്ചേർത്ത് ആകെ 1521 ലക്ഷംരൂപ അനുവദിച്ചിരുന്നു. പ്രസ്തുതതുക സംസ്ഥാനത്തെ എല്ലാ ഖാദി സ്ഥാപനങ്ങൾക്കും (ഖാദി ബോർഡ് ഉൾപ്പെടെ) താഴെപ്പറയുന്ന പ്രവർത്തനങ്ങൾക്കായി വിതരണം ചെയ്തു.

ചർക്കകൾ വാങ്ങുന്നതിന്	117 ലക്ഷം രൂപ
തറികൾ വാങ്ങുന്നതിന്	260 "

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

LIBRARY ARCHIVES Kerala Legislative Assembly